II. അടിയന്തിരപ്രമേയം

എ.ഐ.വൈ.എഫ്. പ്രവർത്തകർക്ക് നേരെ ഉണ്ടായ അതിക്രമം

മി. സ്പീക്കർ: വിദ്യാഭ്യാസ-ആരോഗ്യ-തൊഴിൽ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഇന്നലെ കളക്ടറേറ്റുകളിലേക്കും, നിയമസഭയിലേക്കും എ.ഐ.വൈ.എഫ്.-ന്റെ നേതൃത്വത്തിൽ മാർച്ച് നടത്തിയ യുവാക്കൾക്ക് 9.30 A.M.] നേരെ തിരുവനന്തപുരത്തും, കൊല്ലത്തും പോലീസ് ലാത്തിച്ചാർജ്ജ് നടത്തുകയും, അവരെ അതിഭീകരമായി മർദ്ദിക്കുകയും ചെയ്തിരുന്നു. പോലീസ് അടിച്ച് തലപൊട്ടിയ ശ്രീ. പി. എസ്. സുപാൽ എം.എൽ.എ. അടക്കം നിരവധി പേർ ആശുപത്രിയിൽ ആകുകയും സി.പി.ഐ. കൊല്ലം ജില്ലാ ഓഫീസ് അടിച്ച് തകർക്കുകയും ചെയ്തതിനെത്തുടർന്ന് സംസ്ഥാനമാകെ സംജാതമായിരിക്കുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. പി. രാജേന്ദ്രൻ, കെ. രാധാകൃഷ്ണൻ, എ. എ. അസീസ്, സി. കെ. നാണു, പി. സി. ജോർജ്ജ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, ഡോ. കെ. സി. ജോസഫ് എന്നിവർ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, എ.ഐ.വൈ.എഫ്. പ്രവർത്തകർ സംസ്ഥാന വ്യാപകമായി നടത്തിയ സമരവുമായി ബന്ധപ്പെട്ട് ഇന്നലെ നിയമസഭയിലേക്ക് നടന്ന മാർച്ചിനിടയിൽ നിയമസഭാംഗമായ ശ്രീ. പി. എസ്. സുപാലിന് പരിക്ക് പറ്റാൻ ഇടയായതിൽ എനിക്ക് അതിയായ ദുഃഖമുണ്ട്. പക്ഷെ ഈ സംഭവങ്ങൾ ജാഥാംഗങ്ങൾ തന്നെ മനഃപ്പൂർവ്വം ഉണ്ടാക്കിയ പ്രകോപനങ്ങൾക്കിടയിൽ ഉണ്ടായ സംഭവ വികാസങ്ങളാണെന്ന് ഇന്നലെ അതിനുശേഷം പുറത്തുവന്ന റിപ്പോർട്ടുകളെല്ലാം പറയുന്നുണ്ട്. ശ്രീ. സുപാൽ എം.എൽ.എ.യുടെ നേതൃത്വത്തിൽ .....(ബഹളം).....ഞാൻ പറഞ്ഞു കഴിഞ്ഞിട്ട് നിങ്ങൾക്ക് പറയാൻ അവസരം ഉണ്ടല്ലോ. ഞാനൊന്ന് വിശദീകരിക്കട്ടെ. നിങ്ങൾ അടിയന്തിരപ്രമേയം അവതരിപ്പിച്ചത് ഗവൺമെന്റ് നിലപാട് അറിയാൻ വേണ്ടിയിട്ടല്ലേ? നിങ്ങൾ അല്പം ക്ഷമിച്ചാലല്ലേ എന്റെ നിലപാട് വ്യക്തമാക്കാൻ പറ്റുകയുള്ളൂ. ശ്രീ. സുപാൽ എം.എൽ.എ.യുടെ നേതൃത്വത്തിൽ എ.ഐ.വൈ.എഫ്. പ്രവർത്തകർ 15-7-2003 രാവിലെ പ്രകടനവുമായെത്തി. പോലീസ് അവരെ വാർമെമ്മോറിയലിനു സമീപം വച്ചുതടഞ്ഞു. ഇതിൽ പ്രകോപിതരായ പ്രവർത്തകർ ബാരിക്കേടുകൾ തകർത്തുകൊണ്ട് മുന്നേറാൻ ശ്രമിക്കുകയും പോലീസുമായി ഉന്തും തള്ളും ഉണ്ടാകുകയും ചെയ്തു. അതിനിടയിൽ പോലീസിനുനേരെ ശക്തമായ കല്ലേറുണ്ടായി. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നിർദ്ദേശപ്രകാരം പോലീസ് അവരെ ലാത്തി വീശി വിരട്ടി ഓടിച്ചു. തുടർന്നുണ്ടായ ബഹളത്തിലും പ്രവർത്തകർ ഓടിപോകവെ മറിഞ്ഞു വീണതിലും ബാരിക്കേഡുകൾ തള്ളി മറിച്ചിട്ടതിലും മറിഞ്ഞു വീണതിലും ജാഥയിൽ ഉണ്ടായിരുന്ന ശ്രീ. സുപാൽ എം.എൽ.എ. ഉൾപ്പെടെ ഏതാനും എ.ഐ.വൈ.എഫ്. പ്രവർത്തകർക്ക് പരിക്കുപറ്റി. കല്ലേറിൽ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ അടക്കം 19 പോലീസ് ഉദ്യോഗസ്ഥൻമാർക്കും പരിക്ക് പറ്റിയിട്ടുണ്ട്. പ്രകടനക്കാരുടെ കല്ലേറിൽ കെ.എസ്.ആർ.ടി.സി. വക ഒരു ഡബിൾഡക്കർ ബസിന് കേടുപാട് സംഭവിച്ചു. ഇന്നലെ നമ്മൾ കല്ലേറവസാനിപ്പിക്കാൻ തീരുമാനിച്ചതിന്

LIBRARY ARCHIVES Kerala Legislative Assembly

ശേഷമാണ് ഇത് ഉണ്ടായത്. ഇക്കാര്യത്തിന് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 214/2003-ാം നമ്പറായി ശ്രീ. സുപാൽ അടക്കം 500 പേർക്ക് എതിരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സുപാൽ എം.എൽ.എ.-യെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയ്ക്കായി അഡ്മിറ്റ് ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിലും പ്രകടനവുമായി എത്തിയ എ.ഐ.വൈ.എഫ്. പ്രവർത്തകർ കളക്ടറേറ്റ് കോമ്പൗണ്ടിൽ പ്രവർത്തിച്ചിരുന്ന ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലേക്കും പോലീസിന് നേരെയും യാതൊരു പ്രകോപനവും കൂടാതെ കല്ലെറിഞ്ഞു. കല്ലേറിൽ കോടതിയുടെ ജനാലച്ചില്ലുകൾ പൊട്ടുകയും രണ്ടു പോലീസുകാർക്ക് പരിക്ക് പറ്റുകയും ചെയ്തു. പ്രകോപിതരും അക്രമാസക്തരുമായ പ്രകടനക്കാരെ പോലീസ് വിരട്ടി ഓടിച്ചു. ചിതറി ഓടിയ പ്രകടനക്കാർ ഉച്ചയ്ക്ക് രണ്ടുമണിയോടെ സംഘം ചേർന്ന് പോലീസിനുനേരെ കല്ലെറിഞ്ഞതിനുശേഷം എം.എൻ. സമാരക കെട്ടിടത്തിലേക്ക് ഓടിക്കയറി. കല്ലേറിൽ കൊല്ലം ഡി.വൈ.എസ്.പി., പരവൂർ സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം ഈസ്റ്റ് ഇൻസ്പെക്ടർ, കൺട്രോൾ റൂം സബ് ഇൻസ്പെക്ടർ എന്നിവർ ഉൾപ്പെടെ 6 പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പരിക്ക് പറ്റുകയും രണ്ടു പോലീസ് ജീപ്പുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും, കൂടാതെ പ്രകടനക്കാർ പാർട്ടി ഓഫീസിൽ നിന്ന് കുപ്പികൾ വലിച്ചെറിഞ്ഞതിനാൽ കെ.എസ്.എഫ്.ഇ. ഓഫീസിന്റെ ജനാല ചില്ലുകൾ തകരുകയും ഒരു കെ.എസ്.എഫ്.ഇ. ജീവനക്കാരന് പരിക്കു പറ്റുകയും ചെയ്തു. കല്ലേറിൽ അടുത്തുള്ള ഫോറസ്റ്റ് ഓഫീസിന്റെ ജനാല ചില്ലുകളും തകർന്നിട്ടുണ്ട്. ഈ സംഭവങ്ങളിൽ സി.പി.ഐ. കൊല്ലം ജില്ലാ സെക്രട്ടറി ചന്ദ്രമോഹനൻ ഉൾപ്പെടെ 6 പ്രവർത്തകർക്ക് പരിക്കുപറ്റിയതായി ആരോപിച്ച് ചികിത്സയിലുണ്ട്. ഇക്കാര്യങ്ങൾക്ക് 3 കേസ് എടുത്തിട്ടുള്ളതും 4 പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ്. എം. എൻ. സ്മാരകത്തിൽ പോലീസ് കയറുകയോ അവിടെ നിന്ന് പ്രവർത്തകരെ അറസ്റ്റ് ചെയ്യുകയോ ഉണ്ടായിട്ടില്ല. ഇന്നലെ മനഃപ്പൂർവ്വമായി പോലീസ് വാർ മെമ്മോറിയലിനരികെ വച്ച് തടഞ്ഞു. കാരണം അസംബ്ലി മാർച്ചാണ്. അവിടെ വരെയേ വരാൻ സാധിക്കുകയുള്ളൂ. അവിടെവച്ച് തടഞ്ഞതിനുശേഷം മനഃപ്പൂർവ്വമായി പ്രകോപനം ഉണ്ടാക്കി തള്ളിതള്ളി ഇവിടെ വരെ എത്തിയതുതന്നെ അക്രമം ഉണ്ടാക്കാൻ അതിൽ പങ്കെടുത്ത പലരും കരുതിക്കൂട്ടി തീരുമാനിച്ചതിന്റെ ഫലമായിട്ടാണ്. അങ്ങനെയാണ് അവരെ വിരട്ടി ഓടിക്കാൻ നടപടി സ്വീകരിക്കേണ്ടി വന്നത്. ഇപ്പോൾ സ്ഥിതിഗതികൾ ശാന്തമാണ്. ഇന്നും സമരം നടക്കുന്നുണ്ട്. ഇന്നും സംഭവിക്കുന്നത് എന്താണെന്ന് അറിയില്ല. ഈ സാഹചര്യത്തിൽ സഭ നിർത്തിവച്ചൊന്നും ചർച്ച ചെയ്യേണ്ട കാര്യമില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, മുഖ്യമന്ത്രിക്ക് പോലീസ് എഴുതിക്കൊടുത്തത് അങ്ങനെതന്നെ വായിക്കുകയാണുണ്ടായതെന്ന് ആദ്യം തന്നെ പറയുകയാണ്.

മി. സ്പീക്കർ: ടി.വി.-യിലും കാണാം.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഈ സഭയിൽ അംഗമായ ശ്രീ. സുപാൽ തലയിൽ അടിയേറ്റ്, ലാത്തി അടിയേറ്റ് ഏഴെട്ട് സ്റ്റിച്ചുമായി മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിയുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആശുപത്രിയിൽ പോയി നോക്കിയാൽ

LIBRARY ARCHIVES Kerala Legislative Assembly

സുപാലിന്റെ തല പൊട്ടി തലയിൽ സ്റ്റിച്ചിട്ട് കിടക്കുന്ന കാഴ്ച കാണാൻ കഴിയും. പോലീസ് എഴുതിക്കൊടുത്തത് അങ്ങ് വായിച്ചുകൊള്ളണം. കമ്മീഷണർ ഉൾപ്പെടെ 19 പേർക്ക് മർദ്ദനം ഏറ്റത് ഇവിടെ വായിച്ചു. ഒരു ബസിന് കല്ലെറിഞ്ഞു എന്നു പറഞ്ഞു. പോലീസ് വണ്ടിയിൽ കല്ല് കൊണ്ടുവന്ന് എറിയുകയല്ലേ ഇവിടെയെല്ലാം നടക്കുന്നത്. വിദ്യാഭ്യാസ, ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രകടനം നടത്തിയ വിദ്യാർത്ഥികൾക്കെതിരായി നടത്തിയ ക്രൂരമായ ലാത്തിച്ചാർജ്ജിൽ പ്രതിഷേധിച്ചുകൊണ്ട് നടത്തിയ മാർച്ചിൽ, (ഈ മാർച്ച് നേരത്തെതന്നെ പ്രഖ്യാപിച്ചിരുന്നതാണ്) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ അവിടെ പ്രസംഗിക്കാൻ പോയിരുന്നതാണ്. അദ്ദേഹം നേരിട്ട് ദൃക്സാക്ഷിയാണ്, നേരിട്ട് അടിക്കുകയാണ് ചെയ്തത്. എ.ഐ.വൈ.എഫ്.-ന്റെ സംസ്ഥാന പ്രസിഡന്റാണ് ശ്രീ. പി. എസ്. സുപാൽ. ജോയിന്റ് സെക്രട്ടറി അഡ്വക്കേറ്റ് സുനിൽകുമാർ. ഷോക്കടിപ്പിക്കുന്ന ലാത്തികൊണ്ടാണ് അടിച്ചത്. ആ ചെറുപ്പക്കാരുടെ ശരീരമാസകലം അടികൊണ്ടുപഴുത്തു കിടക്കുകയാണ്. പോയി കാണണം. ജയചന്ദ്രൻ എന്നുപറയുന്ന പ്രവർത്തകന്റെ.....

മി. സ്പീക്കർ: ഒരു ചോദ്യം ചോദിച്ചോട്ടെ. ഈ പോലീസിന്റ മുമ്പേ തള്ളിക്കയറി ഇതെല്ലാം മറിച്ചിടുകയൊക്കെ ചെയ്താൽ പോലീസ് എന്തു ചെയ്യണം?

ശ്രീ. കെ. പി. രാജേന്ദ്രൻ: സമരം എന്നുപറഞ്ഞാൽ, ചില വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് രംഗത്ത് വരുമ്പോൾ, പോലീസ് ഇടപെടുമ്പോൾ, ചില പ്രശ്നങ്ങൾ ഉണ്ടാകും. ഇത് കള്ളനും പോലീസും പോലെ ഒന്നും അല്ല. ജനകീയ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ടുള്ള സമരമാണ്. ചെറുപ്പക്കാരുടെ സമരമാണ്. ഇവിടെ ഇന്നലെ കമ്മീഷണറുടെ നേതൃത്വത്തിൽ വളരെ ഭീകരമായ വിധത്തിലാണ് തല്ലിച്ചതച്ചത്. ശ്രീ. സുപാൽ ഉൾപ്പെടെ 75-ഓളം പ്രവർത്തകരെ അതിഭീകരമായി മർദ്ദിച്ചു. ഇതൊക്കെ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത്രയുമായിട്ടും ചാർജ്ജ്ഷീറ്റ് എഴുതി കോടതിയിൽ കൊടുത്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചില്ല. ശ്രീ. ബിനോയ് വിശ്വം ഉൾപ്പെടെയുള്ള എം.എൽ.എ.-മാർ അവിടെ ചെന്നതിനുശേഷമാണ് അവരെ കോടതിയിൽ ഹാജരാക്കാനുള്ള നടപടിപോലും പോലീസ് സ്വീകരിച്ചത്. ലോക്കപ്പിലിട്ട് സ്റ്റേറ്റ് സെക്രട്ടറി ഉൾപ്പെടെയുള്ളവരെ മർദ്ദിക്കാൻ ഗൂഢാലോചന നടത്തിയിരുന്നു. ഇത് തിരുവനന്തപുരത്തെ കാര്യം. കൊല്ലത്ത് മുഖ്യമന്ത്രി എത്ര നിസാരമായിട്ടാണ് വായിച്ചത്. കൊല്ലത്ത് എം. എൻ. ഗോവിന്ദൻ നായരുടെ പേരിലുള്ള ഞങ്ങളുടെ ജില്ലാ കമ്മിറ്റി ഓഫീസിലേക്ക് 25-ഓളം പോലീസുകാർ ഡി.വൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ഇരച്ചുകയറി, ജീപ്പുകളിലെല്ലാം ലൈറ്റ് ഇട്ട് സൈറൺ മുഴക്കി തള്ളി കയറി. പത്തിരുന്നൂറു പോലീസുകാർ ഇറങ്ങി അവിടം ഉഴുതുമറിച്ചു. ഈ നിങ്ങൾ പറയുന്ന ഓഫീസുകളിൽ കെ.എസ്.എഫ്.ഇ. അക്കൗണ്ട് ഓഫീസുകളിൽ പോലീസുകാരാണ് കയറി തല്ലിയത്. പാർട്ടിയുടെ ജില്ലാ സെക്രട്ടറി സഖാവ് ചന്ദ്രമോഹൻ ഈ സഭയിൽ അംഗമായിരുന്ന വ്യക്തിയാണ്. കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നു.

ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കൊല്ലത്തെ കൺവീനറാണ് ചന്ദ്രമോഹൻ. ചന്ദ്രമോഹൻ പറഞ്ഞു, 'അരുത്, ഓഫീസിൽ കയറരുത്.' അങ്ങനെ പറഞ്ഞപ്പോൾ ചന്ദ്രമോഹനന്റെ തലയ്ക്ക് അടിച്ചില്ലേ? അവിടെയുണ്ടായിരുന്ന കൊല്ലം കോർപ്പറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

കൗൺസിലർ വിജയകുമാറിന്റെ തല തല്ലിപ്പൊളിച്ചു. ഞാനും ശ്രീ. ചന്ദ്രശേഖരനും (മുൻ മന്ത്രി) ഇന്നലെ അവിടെ ചെന്നു. ഞങ്ങൾ ആ സ്ഥലങ്ങളിലൊക്കെ പോയി. ഓഫീസു മുഴുവൻ രക്തമാണ്. സഖാവ് എം.എൻ. ഗോവിന്ദൻ നായരുടേയും അച്യുതമേനോന്റെയും കാറൽ മാർക്സിന്റെയും എംഗൽസിന്റെയുമൊക്കെ ചിത്രങ്ങൾ അടിച്ച് പൊളിച്ച് ഇട്ടിരിക്കുകയാണ്. ഓഫീസ് മുഴുവൻ തകർത്തു. ഇതെല്ലാം പോലീസുകാർ കല്ലുമായി വന്ന് ഓഫീസിലേക്ക് എറിഞ്ഞതാണ്. ഞങ്ങളുടെ ഡി.സി.സി. ഓഫീസിൽ നിന്നും എറിഞ്ഞാൽ ഈ രീതിയിൽ കല്ലെറിയാൻ സാധിക്കുകയില്ല. അവിടെപോയി നോക്കണം. സി.ഐ., ഡി.വൈ.എസ്.പി., എസ്.ഐ.-മാർ ഇവരെല്ലാം ഓഫീസിൽ കയറി പ്രവർത്തകരെ തല്ലാൻ, ഞങ്ങളുടെ ജില്ലാ സെക്രട്ടറിയുൾപ്പെടെയുള്ളവരെ തല്ലാൻ ആരാണ് അധികാരം കൊടുത്തത്. കൊല്ലത്തെ സമരം കഴിഞ്ഞ് ഒന്ന്, ഒന്നര മണിക്കാണ് പ്രവർത്തകർ പിരിഞ്ഞു പോയത്. പിരിഞ്ഞ പ്രവർത്തകർ വണ്ടിയിൽ കയറാൻ കൊല്ലം ടൗണിൽ നടന്നുവരുമ്പോൾ ശ്രീ. സുപാലിന് അടിയേറ്റതറിഞ്ഞ് മുദ്രാവാക്യം വിളിച്ചു. അതാണ് പോലീസിനു പ്രകോപനമായത്. ശ്രീ. സുപാലിനെ ഇടിച്ച് തലതല്ലിപൊളിച്ചിട്ടാൽ പ്രവർത്തകർ പ്രതിഷേധിക്കില്ലേ? കൊല്ലം ജില്ലയിലെ എം.എൽ.എ. കൂടിയല്ലേ സുപാൽ? അവിടെ പ്രതിഷേധിച്ചവരെയാണ് വളഞ്ഞിട്ട് തല്ലിയത്. അത് കഴിഞ്ഞ് ഓഫീസിലേക്ക് തള്ളിക്കയറി. ഓഫീസിൽ ഈ സമയം ഞങ്ങളുടെ പാർട്ടി ജില്ലാ സെക്രട്ടറി ചന്ദ്രമോഹനനും, ജില്ലാ എക്സിക്യൂട്ടീവ് മെമ്പറും കൗൺസിലറും വിജയകുമാറും ഓഫീസിലെ ജീവനക്കാരും അല്ലാതെ ആരുമില്ല. ഓഫീസിലേക്കാണ് ഇരച്ചുകയറിയത്. ചുറ്റുപാടും പിരിഞ്ഞുപോയ ജാഥയായി വന്നിരുന്ന പ്രവർത്തകരെ മുഴുവൻ ഓടിച്ചിട്ട് തല്ലുകയാണ്. ഇന്നലെ 6.30-ന് കൊല്ലത്ത് ചിന്നക്കടയിൽ ഞങ്ങൾ ചെല്ലുമ്പോൾ—ഓഫീസ് ചിന്നക്കടയിലാണ്—ആ പ്രദേശം മുഴുവനും പോലീസ്. 25 വണ്ടി പോലീസാണ്. എന്താണ് കൊല്ലത്ത് പ്രകോപനമുണ്ടായത്. കൊല്ലം കളക്ടറേറ്റിൽ സമരരംഗത്ത് എന്തെങ്കിലും പ്രകോപനമുണ്ടായോ? അവിടേക്കു കല്ലെറിഞ്ഞു. ആരോ കല്ലെറിഞ്ഞു. പോലീസ് വാഹനങ്ങളിൽ കല്ലുകൊണ്ടുപോയി പ്രവർത്തകരെ എറിയുകയാണ്. അവരാണ് ബസ്സിൽ കല്ലെറിയുന്നത്. പോലീസുകാർക്ക് ഉദ്യോഗസ്ഥൻമാർ ഈ വിധത്തിൽ ലൈസൻസ് കൊടുത്താൽ എന്തായിരിക്കും കേരളത്തിലെ സ്ഥിതി? മാറാട് പോയ പോലീസുകാർ തോക്കും ലാത്തിയും പിന്നിൽ പിടിച്ച് സംഗീതം ആസ്വദിക്കുന്നതുപോലെ അവിടെ നിൽക്കുകയാണ്. തൊഴിലാളികളും ചെറുപ്പക്കാരും വിദ്യാർത്ഥികളും അവകാശങ്ങൾക്കു വേണ്ടി സമരം ചെയ്താൽ ഷോക്കടിപ്പിക്കുന്നതിനുവേണ്ടി ഗ്രനേഡുകൊണ്ടെറിഞ്ഞാൽ, അവരെ കൊലപ്പെടുത്താൻ, കൊലയാളികളെ, ഗുണ്ടകളെ, ഭീകരൻമാരെ, കൈകാര്യം ചെയ്യാൻ എവിടേക്കാണ് പോകുന്നത്. ഈ പോലീസ് ഭീകരാവസ്ഥയുമായി മുന്നോട്ട് പോവുകയാണ്. നിങ്ങളുടെ കൂടെയുള്ളവർ പറഞ്ഞില്ലേ, ഈ പോലീസ് നയം തെറ്റാണ്, ഈ പോലീസ് നയം ഞങ്ങൾ അംഗീകരിക്കുന്നില്ല എന്നൊക്കെ സോണിയ ഗാന്ധിയുടെ അടുത്തുപോയി പരാതിപ്പെട്ടിരിക്കുകയല്ലേ. അദ്ദേഹത്തിന്റെ ലാസ്റ്റ് ബസ്സിൽ കൊലയാളികളായ പോലീസ് മാത്രമെ ഉണ്ടായിരിക്കൂ എന്ന കാര്യം മറന്നുപോകരുത്. ശ്രീ. സുപാൽ ഉൾപ്പെടെ ജയിലിൽ കൊണ്ടിട്ട പ്രവർത്തകർ; ഇന്നലെയും ഇതിനുമുമ്പും ഒന്നാം തീയതിയുമൊക്കെ അറസ്റ്റ് ചെയ്ത് ജയിലിൽ കൊണ്ടിട്ട വിദ്യാർത്ഥികളുടെ; യുവാക്കളുടെ

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ, പിന്നെയും ജാമ്യമില്ലാത്ത വകുപ്പിൽ കേസ് എടുക്കുക, വീണ്ടും കൊണ്ടിടുക, വീണ്ടും കൊണ്ടുപോവുക അങ്ങനെ പെൺകുട്ടികളുൾപ്പെടെ നിരവധി പേർ ഇപ്പോൾ ജയിലിൽ കിടക്കുകയാണ്. അങ്ങനെ ഒരു പോലീസ് ഭരണവുമായി മുന്നോട്ടുപോകാൻ മുഖ്യമന്ത്രിയെ അനുവദിക്കുകയില്ല എന്ന കാര്യം ഞാനിവിടെ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയാണ്. സർ സി.പി.-യും പട്ടം താണുപ്പിള്ളയും ഇവിടെ ഭീകരമായ പോലീസ് നയം നടപ്പിലാക്കിയിട്ട് ചരിത്രത്തിൽ അവരുടെ സ്ഥാനമെന്തായിരുന്നുവെന്ന് മുഖ്യമന്ത്രി മറന്നു പോകരുത്. സർ. സി. പി.-യുടെ മൂക്ക് ചെത്തിയ നാടാണ് ഈ കേരളമെന്ന് മറന്നുപോകരുത്. പോലീസിന്റെ ഈ ഭീകരനടപടികളെ സഹായിക്കുന്ന, സംരക്ഷിക്കുന്ന സർക്കാരിന്റെ നിലപാടിൽ ഞങ്ങൾ പ്രതിഷേധിക്കുന്നു. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട എന്റെ യുവസ്നേഹിതൻ ശ്രീ. രാജേന്ദ്രൻ വികാരം കൊണ്ട് അണികൾക്ക് റോങ് മെസേജ് ഒന്നും കൊടുക്കരുത്. സർ സി.പി.-യുടെ മൂക്ക് ചെത്തി എന്നൊക്കെ പറഞ്ഞാൽ അതിന്റെ അർത്ഥം ഇനി മറ്റുള്ള ആരുടെയെങ്കിലും മൂക്ക് ചെത്തണമെന്നാണോ? വെറുതെ അപകടകരമായ മെസേജൊന്നും അണികൾക്ക് കൊടുക്കരുത്. ഇതുപോലുള്ള പ്രസംഗങ്ങൾ കൂടുതൽ പ്രകോപനങ്ങൾ സൃഷ്ടിക്കുകയേയുള്ളൂ. നമ്മൾ എത്ര മുന്നോട്ടുപോയ സംസ്ഥാനമാണ്. ഇനിയെങ്കിലും ഇതുപോലുള്ള അക്രമങ്ങൾ/സമരങ്ങൾ അവസാനിപ്പിക്കണം. പൊതുമുതൽ നശിപ്പിക്കലും പോലീസുകാരുമായിട്ടുള്ള ഏറ്റുമുട്ടലും അവസാനിപ്പിക്കാൻ സമയമായില്ലേ? പണ്ടാണെങ്കിൽ പ്രിന്റ് മീഡിയ മാത്രമെയുള്ളൂ. ഇപ്പോൾ ഇലക്ട്രോണിക് മീഡിയായുമുണ്ട്. ഇതുപോലെയുള്ള സമരങ്ങൾ, മുഴുവൻ കാര്യങ്ങളും, വീഡിയോയിൽ പകർത്തുന്നുണ്ട്. കേസ് വന്നാൽ ഇതെല്ലാം കോടതിയിൽ ഹാജരാക്കാവുന്ന കാര്യങ്ങളാണ്. അവിടെ കാണിച്ച വീരപരാക്രമങ്ങളെല്ലാം പൂർണ്ണമായും വീഡിയോയിൽ പകർത്തിയിട്ടുണ്ട്. ഇത്തരം അക്രമങ്ങൾക്ക് അണികളെ എന്തിനാണ് പ്രേരിപ്പിക്കുന്നത്? ഈ സമരം തന്നെ എന്തിനാണ്? നിങ്ങളും ഞങ്ങളും തമ്മിൽ തർക്കമുണ്ടോ? ഗവൺമെന്റ് വളരെ വ്യക്തമായി നിലപാട് വ്യക്തമാക്കി. സ്വാശ്രയ മേഖലയിൽ 50 ശതമാനം സീറ്റ് മെറിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം, ന്യായമായ ഫീസ് നിശ്ചയിക്കാനുള്ള അവകാശം ഗവൺമെന്റിനായിരിക്കണം, ഇതാണ് ഗവൺമെന്റിന്റെ നിലപാട്. പക്ഷേ കേസ് ഹൈക്കോടതിയിലും സുപ്രീം കോടതിയിലും വന്നു. കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് ഒരു തീരുമാനം നടപ്പാക്കാൻ കഴിയാത്ത പരിതഃസ്ഥിതിയാണ്. നിയമവാഴ്ചയുള്ള രാജ്യമാണ്. ഇപ്പോൾ സുപ്രീം കോടതിയിൽ കേസിരിക്കുകയാണ്. 22-ാംതീയതി സുപ്രീം കോടതിയുടെ ഭരണഘടനാബഞ്ചിൽ നമ്മുടെ കേസ് വരാൻ പോവുകയാണ്. സുപ്രീം കോടതി തീരുമാനം വരട്ടെ. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് വളരെ വ്യക്തമായ നിലപാട് പറഞ്ഞിട്ടുണ്ട്. ഗവൺമെന്റ് നിലപാട് സ്വാശ്രയ മേഖലയിൽ 50 ശതമാനം മെറിറ്റ് 50 ശതമാനം മാനേജ്മെന്റ് സീറ്റ്. ന്യായമായ ഫീസ് എത്രയാണെന്ന് നിശ്ചയിക്കാനുള്ള അവകാശം ഗവൺമെന്റിനുവേണം. ഇതിന് നിയമനിർമ്മാണത്തിന് ഗവൺമെന്റ് തയ്യാറാണെന്ന് എത്രയോ തവണ ഈ അസംബ്ലിയിൽ പറഞ്ഞതാണ്. പക്ഷേ 22-ാം തീയതി സുപ്രീം കോടതി ഭരണഘടനാ ബഞ്ചിൽ കേസ് വരുന്ന ആ സാഹചര്യത്തിൽ സുപ്രീം കോടതിയുടെ മുമ്പിൽ ഇന്ത്യയിലെ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

പരമോന്നത നീതിപീഠത്തിന്റെ മുമ്പിൽ ഈ കേസ് വിചാരണയ്ക്കിരിക്കുന്ന ഘട്ടത്തിൽ ഒരു നിയമനിർമ്മാണം നടത്തുന്നത് ഔചിത്യമല്ല. കോടതിയെത്തന്നെ പ്രജുഡിസ് ചെയ്യും എന്ന ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് കോടതിവിധിവരെ കാത്തിരിക്കുന്നത്. ഈ വിവരം പ്രതിപക്ഷനേതാക്കൻമാരോടെല്ലാം പറഞ്ഞിട്ടുണ്ട്. നിങ്ങൾക്കെല്ലാമറിയാം. ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധി നിങ്ങൾക്കറിയാം. നിയമ നിർമ്മാണത്തിന് തയ്യാറായതും നിങ്ങൾക്കറിയാം. എന്നിട്ടെന്തിനാണ് ദിവസവും ഇതുപോലെ ഏറ്റുമുട്ടലുണ്ടാക്കി കുറെ രക്തച്ചൊരിച്ചിൽ ഉണ്ടാക്കി ബഹളമുണ്ടാക്കുന്നത്. ദയവുചെയ്ത് ഇനിയെങ്കിലും കുറച്ചു കൂടെ ക്ഷമിക്കുക. സുപ്രീം കോടതി വിധി എന്താണെന്ന് നമുക്ക് കാത്തിരിക്കാം. അതിനു ശേഷം നടപടി സ്വീകരിക്കാം. ഗവൺമെന്റിന് ഇക്കാര്യത്തിൽ വ്യക്തമായ നിലപാടുണ്ട്. ഉറച്ച നിലപാടുണ്ട്. 50 ശതമാനം സീറ്റ് മെറിറ്റായിരിക്കും. അതുപോലെ ന്യായമായ ഫീസ് നിശ്ചയിക്കാനുള്ള അവകാശവും ഗവൺമെന്റിനായിരിക്കും. എന്തിന് ഈ സമരവുമായിട്ട് മുന്നോട്ട് പോകുന്നു. ഈ സമരവുമായിട്ട് മുന്നോട്ട് പോകുന്നതിൽ യാതൊരു അർത്ഥവുമില്ല. ഞാൻ നിങ്ങളെ പ്രകോപിപ്പിക്കാൻ വേണ്ടി പറയുന്നതല്ല. കാരണം ഇതൊരു മൽസരമാണ് നിങ്ങൾ നടത്തുന്നത് എന്ന് എല്ലാപേർക്കുമറിയാം. ഞാൻ എത്രയോ പ്രാവശ്യം നിങ്ങളോട് സ്വകാര്യമായി പറഞ്ഞതാണ് നിങ്ങളുടെ ഈ വയലൻസ് അവസാനിപ്പിക്കണം. ഇത് നല്ലതല്ല. പോലീസുമായി നിരന്തരമായി കല്ലേറ് നടത്തുന്നതും പോലീസ് ഉദ്യോഗസ്ഥൻമാരെ പ്രകോപിപ്പിക്കുന്നതും പൊതുമുതൽ നശിപ്പിക്കുന്നതും തീർച്ചയായും സംഘർഷത്തിന് വഴിതെളിക്കുന്നുണ്ട്. എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങളോട് പറയാനുള്ളത് ഇത്തരം സമരമുറകൾ അവസാനിപ്പിക്കേണ്ട സമയമായി. പശ്ചിമബംഗാളിൽ അവിടത്തെ സെക്രട്ടേറിയറ്റിനു 27 കി.മീ.-നുള്ളിൽ ജാഥ പോലും നിരോധിക്കാൻ ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. പശ്ചിമബംഗാളിലെല്ലാം ഇതുപോലെയുള്ള സമരങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്ന അവസരത്തിൽ നിങ്ങൾ കുറെയെങ്കിലും സംയമനം പാലിക്കണം. ഏതായാലും സഭ നിർത്തിവച്ച് ഇതിവിടെ ചർച്ച ചെയ്യേണ്ട കാര്യമില്ല എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന അഭിപ്രായം എനിക്കില്ല.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): മുഖ്യമന്ത്രിയുടെ വിശദീകരണം ഒരുതരത്തിലും തൃപ്തികരമല്ല. ബഹുമാനപ്പെട്ട സ്പീക്കർ ഒരു ചോദ്യം ഇതിനിടയിൽ ചോദിച്ചു. ഇങ്ങനെ തള്ളിക്കയറുമ്പോൾ എന്താണ് ചെയ്യുക എന്ന്. ഇതുപോലുള്ള വിദ്യാഭ്യാസ ആരോഗ്യ തൊഴിൽ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് യുവാക്കൾ, ബഹുജന പ്രവർത്തകർ, തൊഴിലാളികൾ, തൊഴിൽ പ്രവർത്തകർ ഇവരെല്ലാംതന്നെ ഇത് ചെയ്യുമ്പോൾ, ജനാധിപത്യപരമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മുന്നോട്ടുവരുന്ന ഒരു പ്രക്ഷോഭമാണ് എന്ന് വരുമ്പോൾ വിശേഷിച്ച് അതിനുള്ള നേതൃത്വം കൊടുക്കുന്ന സംസ്ഥാനത്തെ അംഗീകൃത സംഘടനകളുടെ നേതാക്കൻമാർ, എം.എൽ.എ.-മാർ ഇവരെല്ലാം; ആ സമരത്തെ കുറച്ചുകൂടെ ഹീനമായ മർദ്ദനങ്ങളുടെ സ്വഭാവത്തോടുകൂടെയല്ലാതെ നേരിടാൻ ഗവൺമെന്റിന് എന്തുകൊണ്ടാണ് നിർദ്ദേശം കൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയാത്തത്? എല്ലാ കാലത്തും പോലീസ് മർദ്ദനം നടത്തണമെന്നു വരുന്ന അവസരത്തിൽ ചാക്കു നിറച്ച് കല്ല് കൊണ്ടുവന്ന് എറിയാറുണ്ട്. കല്ലെറിയാൻ പാടില്ല എന്ന് ഭരണകക്ഷി— പ്രതിപക്ഷം അംഗീകരിച്ചതിനു ശേഷവും.....ഞാൻ ചോദിക്കുകയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെങ്കിലും, എന്നെ കൂട്ടണ്ട, ഞങ്ങളെ ആരേയും കൂട്ടണ്ട, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെങ്കിലും ഒരു സർപ്രൈസ് വിസിറ്റ് ഈ പോലീസ് സ്റ്റേഷനിൽ നടത്തിയാൽ ചാക്കുനിറയെ കല്ല് കാണാൻ കഴിയും. നമ്മൾ തമ്മിൽ ഉണ്ടാക്കിയ എഗ്രിമെന്റ് എന്താണ്? കാറുകളുടെ മേൽ കല്ല് എറിയരുത്. മറ്റു രീതിയിൽ കല്ല് എറിയരുത് എന്നാണ്. അങ്ങനെയുള്ള ധാരണ ഉണ്ടല്ലോ? അത് ഏകപക്ഷീയമാകരുത്. ഞങ്ങൾ മാത്രം എറിയാതിരുന്നാൽ കല്ല് വീഴാതിരിക്കില്ല. ഞങ്ങൾ പറയുന്നത് സത്യമാണോ യെന്നറിയുവാൻ അങ്ങ് ഈ സ്റ്റേഷനുകളിൽ സർപ്രൈസ് വിസിറ്റ് നടത്താൻ തയ്യാറുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. ബഹുജന സമരങ്ങളെ നേരിടുന്നതിനു വേണ്ടി പോലീസിന് സ്ട്രിക്റ്റായ ഒരു നിർദ്ദേശം കൊടുക്കുന്നില്ല. ഉപദേശമെല്ലാം ഇങ്ങോട്ടാണ്. ബഹുമാനപ്പെട്ട സ്പീക്കർപോലും ഈ തരത്തിൽ അപഹസിക്കുവാൻ ഇടയായതിൽ എനിക്ക് ദുഃഖമുണ്ട്.

മി. സ്പീക്കർ: ഞാൻ അപഹസിച്ചില്ല. ഞാൻ ഒരു ചോദ്യം ചോദിച്ചതേയുള്ളൂ. അപഹസിച്ചേയില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഇപ്പോൾ ഞാൻ അതു തിരുത്തി. അതു ഞാൻ പിൻവലിക്കുന്നു. ബഹുജന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ചെറുപ്പക്കാർ നടത്തുന്ന സമരങ്ങളെ നിങ്ങൾ ഈ തരത്തിൽ താറടിക്കുവാൻ നോക്കരുത്. ഈ ചവിട്ടും തൊഴിയുമൊക്കെ കൊള്ളുന്നവർ വിലങ്ങുവച്ചുകൊണ്ട് കോടതിയിലേക്ക് പോകുന്നതു പോലുള്ള അപമാനം സഹിക്കുന്നത് നിങ്ങളുടെ ഈ സ്വാശ്രയ സ്വകാര്യ കോളേജ് ഉടമകളുടെ താല്പര്യം സംരക്ഷിക്കുവാൻവേണ്ടി എടുക്കുന്ന നടപടിയുടെ ഫലമായിട്ടല്ലേ? ഇപ്പോൾതന്നെ നിങ്ങൾക്ക് റീ-തിങ്ക് ചെയ്യേണ്ടിവന്നു. അവർ എത്രയോ തൊഴിയും അടിയും കൊണ്ടതിനുശേഷമാണ് അത്. അതൊന്നും ഫലമില്ലാത്ത കാര്യങ്ങളല്ല. നിങ്ങൾ നിശ്ചയിച്ച 13-ാം തീയതിയിലെ കൗൺസലിംഗ് നീട്ടിവയ്ക്കേണ്ടിവന്നു. ഇവരെ കൺട്രോൾ ചെയ്യാനുള്ള ഒരു നിയമം ഇല്ലാതെ ഇങ്ങനെ നീട്ടിവയ്ക്കുന്നതുകൊണ്ട് പ്രയോജനമുണ്ടോ? അപ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് എന്താണ്? മുഖ്യമന്ത്രി വന്നിട്ട് അദ്ദേഹവുമായി ആലോചിച്ച് ചെയ്യാമെന്ന്. ഇപ്പോൾ പറയുന്നത് എന്താണ്? സുപ്രീം കോടതി വിധി വരട്ടെ എന്നാണ്. നമ്മൾ അതൊന്നും കാത്തുനിൽക്കാതെ കർണ്ണാടക ഗവൺമെന്റ് 50-50 ശതമാനത്തിനുപകരം 75-25 ശതമാനം എന്നുള്ള നിലയിൽ കുട്ടികളെ പ്രവേശിപ്പിക്കുവാനുള്ള നിയമം പാസ്സാക്കി. അത് അവിടത്തെ സുപ്രീം കോടതി അപ്ഹോൾഡ് ചെയ്തു. ഈ നിലയിലുള്ള നിലപാട് നാം മറന്നുപോകരുത്. യു.ജി.സി. നിർദ്ദേശിച്ചിരിക്കുന്നത് എന്താണ്? 85 ശതമാനം ഗവൺമെന്റിന് നിശ്ചയിക്കാം. 15 ശതമാനം മാനേജുമെന്റിന് കൊടുത്താൽ മതിയെന്നാണ്. ഇതെല്ലാം അന്തരീക്ഷത്തിൽ ചോദ്യചിഹ്നമായി നമ്മുടെ നാട്ടിൽ നിൽക്കുകയാണ്. ഇതുപോലുള്ള ന്യായമായ ആവശ്യങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം എന്നീ രംഗങ്ങളിലെ പ്രശ്നങ്ങളൊക്കെ ഉന്നയിച്ചുകൊണ്ടാണ് ചെറുപ്പക്കാർ സമരം നടത്തിയത്. ആ സമരത്തെ നേരിട്ടത്

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരത്തിലുള്ള ക്രൂരമായ രീതിയിലാണ്. ശ്രീ. സുപാലിന് അടികൊണ്ടതിൽ ദുഃഖം പ്രകടിപ്പിച്ചു. സന്തോഷം. അടിച്ച ആ പോലീസ് സംവിധാനത്തെപ്പറ്റി ഞാൻ അന്വേഷിക്കാം, അതു സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കാമെന്ന് പറഞ്ഞില്ല. അതുപോലെ തന്നെ കൊല്ലത്ത് പരിണതപ്രജ്ഞനും മഹാനുമായ സഖാവ് എം.എൻ. ഗോവിന്ദൻ നായരുടെ സ്മാരകത്തിൽ കയറി അവിടെയുണ്ടായിരുന്ന ജില്ലാ സെക്രട്ടറിയടക്കമുള്ളവരെ നീചമായി മർദ്ദിച്ചു. അദ്ദേഹത്തിന്റെ ഫോട്ടോ അടക്കം തല്ലിത്തകർത്തു. ഇത്രയേറെ സംസ്കാരശൂന്യമായ നിലപാട് നിങ്ങളുടെ പോലീസ് കാണിക്കുന്നതിൽ നിങ്ങൾക്ക് അഭിമാനമാണോ? ഇത്തരത്തിലുള്ള വളരെ തെറ്റായ, ഹീനമായ സമീപനമാണ് നിങ്ങളുടെ പോലീസ് കാണിച്ചുകൊണ്ടിരിക്കുന്നത്. അത് സംബന്ധിച്ച് ചർച്ച ചെയ്യാൻ സമ്മതിക്കാത്തത് ദുഃഖകരവും പ്രതിഷേധാർഹവുമാണ്. അതുകൊണ്ട് നിങ്ങളുടെ ഈ നയസമീപനത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്താൻ ഞങ്ങൾ സഭയിൽനിന്നും ഇറങ്ങിപ്പോവുകയാണ്.

(ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടു പുറത്തുപോയി.)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ,.....

Mr. Speaker: Nothing doing.....No.....No.....Nothing will go in record.....yes.....yes.....nothing will go in record.....nothing will go in record.....yes.....yes.....

ശ്രീ. സി. കെ. നാണു: സർ, വളരെ പ്രധാനപ്പെട്ട ഭൂരിഭാഗം വിദ്യാർത്ഥികളെയും ബാധിക്കുന്ന ഒരു പ്രശ്നം ഉന്നയിച്ചുകൊണ്ടാണ് ഇന്നലെ പ്രക്ഷോഭം നടത്തിയത്. നിങ്ങളിൽ പലരും കഴിഞ്ഞ കാലങ്ങളിൽ പ്രക്ഷോഭങ്ങളിൽ പങ്കെടുത്തവരാണ്. അത്തരം പ്രക്ഷോഭങ്ങൾ നടന്ന അവസരത്തിൽ ഏൽക്കേണ്ടി വന്നിട്ടില്ലാത്ത രൂപത്തിലുള്ള മർദ്ദനം അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കേണ്ടതാണ്. ഇത്തരത്തിലുള്ള പരിപാടികളിൽ പ്രധാനപ്പെട്ട രാഷ്ട്രീയ നേതാക്കളും, എം.എൽ.എ.-മാരും മുൻമന്ത്രിമാരുമൊക്കെ പങ്കെടുക്കുമ്പോൾ അവരെ മർദ്ദിച്ച് അവശരാക്കുന്ന രൂപത്തിൽ മാത്രമെ നേരിടാൻ സാധിക്കുകയുള്ളോ എന്ന് ഗൗരവമായി ആലോചിക്കണം. ഇതുസംബന്ധിച്ച് ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇറങ്ങിപ്പോകുന്നു.

(ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടു പുറത്തുപോയി.)

ശ്രീ. എ. എ. അസീസ്: സർ, കൊല്ലത്തെ എം. എൻ. സ്മാരകം സി.പി.ഐ.-യുടെ ജില്ലാ ഓഫീസുകൂടി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ആ സ്ഥാപനത്തിൽ കഴിഞ്ഞ ദിവസം പോലീസ് കടന്നുകയറി ആക്രമണം നടത്തിയത് ഞാൻ നേരിട്ട് കണ്ടതാണ്. ഓഫീസിൽ പോലീസ് കയറിയില്ലെങ്കിൽ എങ്ങനെയാണ് ഓഫീസിനകത്തെ അലമാര തല്ലിത്തകർക്കുവാൻ കഴിഞ്ഞത്? എം. എൻ. ഗോവിന്ദൻ നായരുടെ ഫോട്ടോ കല്ലെറിഞ്ഞുപൊട്ടിച്ചിട്ടുണ്ട്. ആ സ്മാരകത്തിനു മുന്നിലിരുന്ന ടൂവീലറുകളെല്ലാംതന്നെ

LIBRARY ARCHIVES Kerala Legislative Assembly

അടിച്ചുതകർത്തു. കൊല്ലം കളക്ടറേറ്റും എം. എൻ. സ്മാരകവുമായി രണ്ടുകിലോമീറ്റർ ദൂരമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പോലീസ് എഴുതിക്കൊടുത്ത് ഇവിടെ വായിച്ചതിൽ കളക്ടറേറ്റിനു സമീപമാണ് എം. എൻ. സ്മാരകമെന്നാണ് പറഞ്ഞത്. കളക്ടറേറ്റിനു സമീപമല്ല. രണ്ടു കിലോമീറ്റർ ദൂരമുണ്ട്. ചിന്നക്കടയിലാണ് എം.എൻ. സ്മാരകം. ഉച്ചയ്ക്ക് മൂന്നുമണിക്കാണ് എം.എൻ. സ്മാരകത്തിൽ പോലീസ് കടന്നു കയറിയത്. അതിക്രൂരമായ ഈ പോലീസ് മർദ്ദനത്തെ സംബന്ധിച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ. എ. അസീസ് സഭ വിട്ടു പുറത്തുപോയി.)

(സഭവിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി)

III ശ്രദ്ധക്ഷണിക്കൽ

(1) ഇന്ത്യൻ കാർഷിക മേഖല വിദേശനിക്ഷേപകർക്ക് തുറന്നുകൊടുത്താൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ

ശ്രീ. പി. സി. ജോർജ്: സർ, W.T.O. നിർദ്ദേശം സംബന്ധിച്ചാണ് എനിക്ക് ഈ സഭയുടെ ശ്രദ്ധക്ഷണിക്കുവാനുള്ളത്. ഇന്ത്യയുടെ കാർഷിക മേഖലയും വിദേശ നിക്ഷേപകർക്ക് തുറന്നുകൊടുക്കണമെന്ന് ലോകവ്യാപാര സംഘടന നിർദ്ദേശിച്ചിരിക്കുകയാണ്. ആഗോളവൽക്കരണ നയം അമിത താല്പര്യമെടുത്തു നടപ്പാക്കുന്ന കേന്ദ്ര സർക്കാർ ആ നിർദ്ദേശവും നടപ്പാക്കാൻ മടിക്കില്ലെന്നാണ് ഭയപ്പെടുന്നത്. ഇന്ത്യാ ഗവൺമെന്റ് അതിനു തയ്യാറായാൽ രാജ്യത്തെ കർഷകരുടെ ജീവിതവും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയും പാടേ തകരുമെന്നതിൽ സംശയമില്ല. ഭരണഘടനാ വ്യവസ്ഥകൾ അനുസരിച്ച് കൃഷി സംസ്ഥാനങ്ങളുടെ പട്ടികയിൽപ്പെടുന്നതായിട്ടും കാർഷികമേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന നിർണ്ണായകമായ W.T.O. കരാറിൽ ഒപ്പുവയ്ക്കുന്നതിന് മുമ്പ് സംസ്ഥാനങ്ങളോട് ആലോചിച്ചില്ല. 1986 മുതൽ 1994 വരെ എട്ടുകൊല്ലക്കാലം ഗാട്ട് ഉടമ്പടിക്കുവേണ്ടി ഡങ്കൻ ഡ്രാഫ്റ്റ് കരട് രേഖ ലോകരാഷ്ട്രങ്ങൾ ചർച്ച ചെയ്തെങ്കിലും ഉടമ്പടി നിബന്ധനകളോ അതിന്റെ പ്രത്യാഘാതങ്ങളോ നമ്മുടെ നാട് ഗൗരവമായി ചർച്ച ചെയ്തിരുന്നില്ല. എന്നാൽ ചൈന പോലുള്ള ചില രാജ്യങ്ങൾ ദീർഘകാലം ചർച്ച ചെയ്ത് തങ്ങളുടെ നിബന്ധനകൾക്കു വിധേയമായി മാത്രമാണ് കരാർ ഒപ്പു വച്ചത്. റബ്ബർ കാർഷിക വസ്തു അല്ലെന്നും അത് ഇറക്കുമതി ചെയ്യുമ്പോൾ പരമാവധി 25 ശതമാനം ഡ്യൂട്ടിയെ ചുമത്താവൂ എന്നും W.T.O. കരാറിൽ വ്യവസ്ഥ ചെയ്യുകവഴി റബ്ബർ കർഷകരെ മൊത്തത്തിൽ തകർത്തുകളഞ്ഞു. പാമോലിൻ ഇറക്കുമതിയുടെ തോത് നാലു ലക്ഷം ടൺ എന്നത് ഇന്ന് സ്വതന്ത്രമായി ഇറക്കുമതി അനുവദിക്കുന്നതിന്റെ ഫലമായി 45 ലക്ഷം ടൺ ആകുകയും കേരളത്തിലെ നാളികേര കർഷകരെ ദുരിതത്തിലേക്ക് നയിക്കുകയും ചെയ്തു. റബ്ബറിന്റെ വില അന്താരാഷ്ട്ര വിലയ്ക്ക് തുല്യമാക്കിയെങ്കിലും അതുകൊണ്ട് ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര ഗുണനിലവാരമോ വിലയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly